## പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8090. 24.07.2012 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണം തടയുന്നതിന് സംരക്ഷണാതിർത്തി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.റ്റി. എൻ. പ്രതാപൻ<br>ശ്രീ.വി. പി. സജീന്ദ്രൻ<br>ശ്രീ.സി. പി. മുഹമ്മദ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ)വന്യജീവികൾ നാട്ടിലിറങ്ങി ആക്രമണം നടത്തുന്നത് തടയുന്നതിന് സംരക്ഷണാതിർത്തി കെട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) വൈദ്യുത കമ്പിവേലി, കിടങ്ങുകൾ, മതിലുകൾ എന്നിവ നിർമ്മിച്ച് വന്യജീവികളുടെ ആക്രമണം തടയുന്നതിനുള്ള പ്രവർത്തികൾ തുടർന്നുവരുന്നു. ഓരോ പ്രദേശങ്ങളിലേയും ആവശ്യകതകൾ അനുസരിച്ച് ഇത്തരം പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. |
| (ബി)ഏതെല്ലാം ഏജൻസികളിൽ നിന്നാണ് ഇതിനുള്ള സഹായം ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കേന്ദ്ര-സംസ്ഥാന ബഡ്ജറ്റ് വിഹിതവും, കൂടാതെ നബാർഡിൽ നിന്നുള്ള വായ്പയും ലഭിക്കുന്നുണ്ട്. ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്സ്, കൺസർവേഷൻ ബയോഡൈവേഴ്സിറ്റി, മെഷേഴ്സ് റ്റു റെഡ്യൂസ് മാൻ-ആനിമൽ കോൺഫ്ലിക്ട്, ഇക്കോ ഡെവലപ്മെന്റ് പ്രോഗ്രാം എന്നീ പദ്ധതികളിലെ സംസ്ഥാന വിഹിതവും 13-ാം ധനകാര്യ കമ്മീഷൻ, ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്സ്, പ്രോജക്ട് |

എലിഫന്റ്, ബയോസ്ഫിയർ റിസർവ്സ് എന്നീ പദ്ധതികളിൽനിന്നും കേന്ദ്ര വിഹിതവും റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ നിന്ന് ലഭിക്കുന്ന നബാർഡ് വായ്പയും ഇതിനായി ഉപയോഗിക്കുന്നു.

(സി)ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത് ആരാണ് ;

(സി) വനം വകുപ്പ് നേരിട്ടും വനം വകുപ്പ് ഏർപ്പെടുത്തുന്ന ഏജൻസികൾ മുഖേനയുമാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

(ഡി)ഇത് എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) സംസ്ഥാനത്ത് വന്യജീവി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ മുൻഗണനാ ക്രമത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ.